# ക്രിസ്തീയജീവിതത്തിലെ അടിസ്ഥാന സത്യങ്ങൾ

## 1 തെസ്സലൊനിക്യർ 1:2–3

"ഞങ്ങളുടെ പ്രാർത്ഥനയിൽ നിങ്ങളെ സ്മരിച്ചുകൊണ്ടു നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും സ്നേഹപ്രയത്നവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർത്തു ഞങ്ങൾ നിങ്ങൾക്കെല്ലാവർക്കും വേണ്ടി എപ്പോഴും ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു."

പൗലോസ് തെസ്സലൊനിക്യയിലുള്ള സഭയ്ക്ക് എഴുതിയ ഈ ഒന്നാം ലേഖനത്തിൽ തന്റെ പ്രാർത്ഥന ആരംഭിക്കുന്നത് സ്തോത്രത്തോടു കൂടിയാണ്. ദൈവത്തിന്നു നന്ദി പറയുന്ന പ്രവൃത്തിയാണ് സ്തോത്രം. സ്തോത്രത്തോടെ നാം പ്രാർത്ഥിക്കുന്നവർ ആകണം. ദൈവമക്കളെ ഓർത്തു പ്രാർത്ഥിക്കാനും സ്തോത്രം ചെയ്യാനും നമുക്കു കഴിയണം.

തെസ്സലൊനിക്യർ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവർ ആയിരുന്നു. ക്രിസ്തീയ ജീവിതം ആരംഭിക്കുന്നത് അവിടെയാണ്. അതിന്റെ തുടർച്ചയും പുരോഗതിയും സ്നേഹത്തിലാകുന്നു നടക്കുന്നത്. അതിന്റെ പൂർണ്ണതയാണ് പ്രത്യാശ. വിശ്വാസം പ്രവൃത്തികളാൽ വെളിപ്പെടുന്നു. പ്രത്യാശ കഷ്ടതകൾ സഹിക്കുവാനുള്ള കഴിവുകളിൽ കൂടി പ്രകാശിക്കപ്പെടും. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ഗുണങ്ങൾ ക്രിസ്തീയ ജീവിതത്തെ ധന്യമാക്കിത്തീർക്കും. 1 കൊരിന്ത്യർ 13:13 ൽ പ്രയുന്നു "ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു. ഇവയിൽ വലിയതോ സ്നേഹം തന്നേ." സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.

ദൈവകൽപനകളിൽ അതിപ്രധാനമാണ് നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്നത്. സഹോദരനെ സ്നേഹിക്കിക്കാത്തവൻ ദൈവത്തെ സ്നേഹിക്കുന്നില്ല. 1 യോഹന്നാൻ 4:20 ൽ പറയുന്നു "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തന്റെ സഹോദരനെ പകെയ്ക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല." ആ സ്നേഹം മറന്നു കളയുന്നവനല്ല നമ്മുടെ ദൈവം. ദൈവം വിശ്വസ്തനാകുന്നു എന്നതാണ് അതിന്റെ കാരണം.

സ്നേഹമാണ് ശിഷ്യത്വത്തിന്റെ അടയാളം, ഇവയുള്ള ജീവിതം ആത്മീയ ഉത്സാഹമുള്ള ജീവിതം ആയിരിക്കും. അവർ ദൈവവാഗ്ദത്തങ്ങൾ അവകാശമാക്കുന്നവരാണ്. പ്രത്യാശയുള്ള ജീവിതം ആസ്വാദ്യകരമാണ്. വിശ്വാസമുള്ളവർ പ്രത്യാശയുടെ പൂർണ്ണനിശ്ചയം ഉള്ളവരാണ്. എബ്രായർ 11:1 ൽ ഇപ്രകാരം പറയുന്നു "വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു." വിശ്വാസവും പ്രത്യാശയും ഉള്ളവർ സ്നേഹപ്രയത്നം ഉള്ളവർ ആകും. തിരുവെഴുത്തുകളാൽ ഉളവാകുന്ന പ്രത്യാശയാണ് ഇത്. അബ്രഹാമിന്റെ വിശ്വാസവും പ്രത്യാശയും വാഗ്ദത്തങ്ങൾ അവകാശമാക്കുവാൻ സഹായിച്ചു. ക്രിസ്തുവിലുള്ള പ്രത്യാശ നമുക്ക് ആത്മാവിന്റെ ഉറപ്പാണ്. യേശുക്രിസ്തു മഹാപുരോഹിതനായി അതിപരിശുദ്ധ സ്ഥലത്തേക്ക് പ്രവേശിച്ചിരിക്കുന്നതാണ് നമ്മുടെ പ്രത്യാശ. ക്രിസ്തു പിതാവിന്റെ വലത്തുഭാഗത്തിരുന്നു നമുക്കുവേണ്ടി പക്ഷപാതം ചെയ്യുന്നു. അതു സ്വർഗ്ഗീയ പ്രത്യാശയാണ്, ജീവനുള്ള പ്രത്യശയാണ്, തേജസ്സിന്റെ പ്രത്യാശയാണ്.

അതുകൊണ്ടു പ്രിയമുള്ളവരേ, ഈ ലോകത്തിൽ ക്രിസ്തീയജീവിതം നയിക്കുന്ന നമ്മൾ നമ്മുടെ ജീവിതത്തിലെ അടിസ്ഥാന സത്യങ്ങളായ സ്നേഹം, വിശ്വാസം എന്നിവ ധരിച്ച് അവനിൽ പ്രത്യാശയുള്ളവരായി നിർമ്മലായിരിക്കം. അതിന് ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം :**

**1 യോഹന്നൻ 3:2–3**

പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നേ കാണുന്നതാകകൊണ്ടു അവനോടു സദൃശ്യന്മാർ ആകും എന്നു നാം അറിയുന്നു. അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെതന്നേ നിർമ്മലീകരിക്കുന്നു.

**സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 004**